മാതൃഭൂമി

28 November 2017

# സഫാരി സമ്മേളനം: യുവ ഗവേഷകർക്ക് അവസരങ്ങൾ

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) നേതൃത്വത്തിൽ ജനുവരി 15 മുതൽ 17 വരെ കൊച്ചിയിൽ നടക്കുന്ന രണ്ടാമത് രാജ്യാന്തര സഫാരി സമ്മേളനത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിന് യുവ ഗവേഷകർക്ക് അവസരങ്ങൾ. വിദ്യാർഥികൾ, ഗവേഷകർ, അധ്യാപകർ എന്നിവരിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് രജിസ്ട്രേഷൻ ഫീസ് ഇളവ് നൽകും.

മികച്ച പ്രബന്ധങ്ങൾ സമർപ്പിക്കുന്നവരുടെ യാത്ര-താമസച്ചെലവുകൾക്കുള്ള സഹായവും നൽകും. യുവ ഗവേഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നോർവെ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാൻസൻ സയന്റിഫിക് സൊസൈറ്റിയാണ് ഇതിനുള്ള സാമ്പത്തിക സഹായം നൽകുന്നത്. safari2.secretariat@gmail.com എന്ന വിലാസത്തിലേക്ക് പ്രബന്ധത്തിന്റെ ചുരുക്ക രൂപവും ബയോഡേറ്റയും ഇ-മെയിൽ ചെയ്യുന്നവരിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്കായിരിക്കും സാമ്പത്തിക സഹായം ലഭിക്കുക. 30-നകം അപേക്ഷിക്കണം. മികച്ച പ്രബന്ധങ്ങൾക്കും പോസ്റ്റർ പ്രദർശനത്തിനും സമ്മേളനത്തിൽ പ്രത്യേക പുരസ്കാരങ്ങൾ നൽകും.